ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സംസ്ഥാനത്ത് കേര ഉൽപ്പാദനത്തിനും വികസനത്തിനും വിപണനത്തിനും വേണ്ടിയുള്ള സമഗ്രമായ ഒരു പരിപാടിക്ക് രൂപം നൽകിവരുന്നു.

(സി) വിശദമായ പരിപാടികൾക്ക് രൂപം നൽകിവരുന്നതേയുള്ളു.

പ്ലാന്റേഷൻ കോർപ്പറേഷൻ വക ഫാക്ടറികൾമൂലമുള്ള മലിനീകരണം

1296. [1944] ശ്രീ. വി. എസ്. ചന്ദ്രശേഖരപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാന്റേഷൻ കോർപ്പറേഷൻവക കൊടുമൺ, ചന്ദനപ്പള്ളി ഫാക്ടറികളിൽനിന്നും നിർഗ്ഗമിക്കുന്ന ജലവും ദുർഗന്ധവും പരിസരപ്രദേശത്ത് അധിവസിക്കുന്ന ജനങ്ങൾക്ക് ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) ഈ പ്രശ്നത്തിൽ അടിയന്തിര പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ഉത്തരം

(എ) പ്ലാന്റേഷൻ കോർപ്പറേഷൻ വക ചന്ദനപ്പള്ളി ഫാക്ടറിയിൽ നിന്നും നിർഗ്ഗമിക്കുന്ന ജലത്തെ സംബന്ധിച്ച് സമീപവാസികളുടെ പരാതി ലഭിച്ചിട്ടുണ്ട്.

(ബി) കോർപ്പറേഷന്റെ വക കൊടുമൺ ഫാക്ടറിയിൽനിന്ന് നിർഗ്ഗമിക്കുന്ന മലിനജലം ശുദ്ധീകരണ പ്രക്രിയക്ക് വിധേയമാക്കിയതിനുശേഷം മാത്രമേ പുറത്തേക്ക് ഒഴിക്കിവിടുന്നുള്ളു. ശുദ്ധീകരണങ്ങൾക്കുവേണ്ടി റബ്ബർ ബോർഡിന്റെ സാങ്കേതിക ഉപദേശം സ്വീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ഉദ്ദേശം 4.50 ലക്ഷം രൂപയോളം നിർമ്മാണച്ചിലവു വരുന്ന ശുദ്ധീകരണ ടാങ്കുകൾ നിർമ്മിച്ചാണ് ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഫാക്ടറിയിൽനിന്ന് ശുദ്ധീകരിച്ച് പുറത്തേക്കു വിടുന്ന ജലം, ജല മലിനീകരണ ബോർഡിന്റെ കാലാകാലങ്ങളിലുള്ള പരിശോധനകൾക്ക് വിധേയമാക്കിവരുന്നുണ്ട്.

(സി) 'ബി' വിഭാഗത്തിൽ പറഞ്ഞിരിക്കുന്ന ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

മൃഗാശുപത്രികളിലെ സൗജന്യ ചികിൽസാ പദ്ധതി

1297. [1946] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൃഗാശുപത്രികളിൽ ഇന്നുള്ള സൗജന്യ ചികിൽസാ പദ്ധതി നിറുത്തലാക്കുന്നതിനു തീരുമാനിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) സൗജന്യ ചികിൽസാ സമ്പ്രദായം എന്നുമുതൽ നിറുത്തുമാണ് ഉദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly